**Total No. of Pages :** 3

Register Number :

**5017**

Name of the Candidate :

**B.A./B.Sc./B.Music/B.Dance DEGREE EXAMINATION**
**MAY 2015.**

**(MALAYALAM)**

**(SECOND YEAR)**

**(PART I)**

**625 — HISTORY OF MALAYALAM LITERATURE**

**(Candidates joined during 2009–10 and after)**

Time : Three hours | Maximum : 100 marks

## SECTION A

താഴെ കൊടുത്തിരിക്കുന്ന നാലു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(4 × 15 = 60)**

1. (a) 'മൂരിശൃംഗാരമോ ഗന്ധർവ്വകവിതയോ?' - ഈ പ്രസ്താവന വെണ്മണിപ്രസ്ഥാനത്തെ സംബന്ധിച്ച് എത്രത്തോളം പ്രസക്തമാണ്? വിശദീകരിക്കുക.

അല്ലെങ്കിൽ

(b) ഭാഷോല്പത്തി സിദ്ധാന്തങ്ങൾ വിവരിച്ച് ഏറ്റവും യുക്തിസഹമായതു നിർദ്ദേശിക്കുക.

2. (a) കണ്ണശ്ശകവിതയുടെ ഭാഷാപരമായ പ്രത്യേകതകൾ എന്തെല്ലാം?

അല്ലെങ്കിൽ

(b) എഴുത്തച്ഛൻകവിതയിലെ ഭക്തി - ഉപന്യസിക്കുക.

3. (a) പ്രാചീന ചമ്പുക്കളും മദ്ധ്യകാല ചമ്പുക്കളും തമ്മിലുള്ള സാമ്യവ്യത്യാസങ്ങൾ എന്തെല്ലാം?

അല്ലെങ്കിൽ

(b) മലയാളത്തിലെ ആദ്യകാല ചെറുകഥകളുടെ പൊതുസ്വഭാവങ്ങൾ എന്തെല്ലാം?

4. (a) 'കൃഷ്ണഗാഥ'യിലെ അലങ്കാരപ്രയോഗങ്ങൾ സന്ദർഭാനുഗുണമാണ് - സമർത്ഥിക്കുക.

അല്ലെങ്കിൽ

(b) മലയാള കവിത ഇടപ്പള്ളി പ്രസ്ഥാനത്തിനുശേഷം - ഉപന്യസിക്കുക.

## SECTION B

**(4 × 5 = 20)**

5. ഏതെങ്കിലും നാലു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

(a) എസ്.കെ. പൊറ്റക്കാടിന്റെ യാത്രാവിവരണങ്ങളെപ്പറ്റി ഒരു കുറിപ്പെഴുതുക.

(b) പാട്ട്ഭാഷയുടെ പ്രത്യേകതകൾ എന്തെല്ലാം?

(c) സാമൂഹ്യനോവൽ, ചരിത്രനോവൽ - ഇവ എന്താണ്?

(d) കഥകളിയുടെ സാഹിത്യരൂപം ഏത്? അതിന്റെ പൊതുഘടന എന്താണ്?

(e) ജാതിസമ്പ്രദായത്തെക്കുറിച്ച് കുമാരനാശാനുണ്ടായിരുന്ന കാഴ്ചപ്പാട് എന്തായിരുന്നു?

(f) ഹൈന്ദവേതിവൃത്തങ്ങളുള്ള പ്രാചീനഗദ്യകൃതികൾ ഏതെല്ലാം?

(g) പത്രമാസികകൾ ഭാഷാഗദ്യത്തിന്റെ വളർച്ചയെ എങ്ങനെ സഹായിച്ചു?

## SECTION C

**(5 × 2 = 10)**

6. ഏതെങ്കിലും അഞ്ചു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

(a) പരിഭാഷയിലൂടെ മലയാളത്തിലെത്തിയ രണ്ട് അന്യഭാഷാ നോവലുകളുടെ പേരെഴുതുക.

(b) 'നമ്പൂതിരിനാടകങ്ങൾ' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്ത്?

(c) ആധുനികകവിത്രയം എന്നറിയപ്പെടുന്ന കവികൾ ആരെല്ലാം?

(d) കാല്പനികതയുടെ രണ്ടു പ്രധാന പ്രത്യേകതകൾ എഴുതുക.

(e) ഇടപ്പള്ളിക്കവികൾ ആരെല്ലാം?

(f) നാടൻപാട്ടുകളുടെ രണ്ടു പ്രത്യേകതകൾ എഴുതുക.

(g) മലയാളഭാഷയുടെയും സാഹിത്യത്തിന്റെയും വളർച്ചയ്ക്കു സഹായിച്ച രണ്ടു പ്രധാന ഭാഷകൾ ഏതെല്ലാം?

## SECTION D

**(5 × 2 = 10)**

7. ഏതെങ്കിലും അഞ്ചു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

   (a) നമ്പ്യാർക്കവിതയുടെ രണ്ടു പ്രധാന സവിശേഷതകൾ എഴുതുക.

   (b) വിലാപകാവ്യം എന്നാൽ എന്ത്?

   (c) പൊൻകുന്നം വർക്കിയുടെ രണ്ടു ചെറുകഥകളുടെ പേരെഴുതുക.

   (d) ഹെൻട്രിക് ഇബ്സൻ ആരാണ്?

   (e) ഉറൂബ്, പാറപ്പുറത്ത് - ഈ തൂലികാനാമങ്ങളിലറിയപ്പെടുന്നവരുടെ യഥാർത്ഥ പേരെന്ത്?

   (f) വർത്തമാനപ്പുസ്തകം - പരിചയപ്പെടുത്തുക.

   (g) പി. കേശവദേവിന്റെ രണ്ടു നോവലുകളുടെ പേരെഴുതുക.